# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2762      12.02.2019-ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

(എ) 2016, 2017, 2018 എന്നീ വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വഴി എത്ര കോടി രൂപയുടെ മദ്യം വിറ്റിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കഴിഞ്ഞ 3 വർഷത്തെ മദ്യവിൽപ്പനയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 11,577 |
| 2016-17 | 12,134 |
| 2017-18 | 12,937 |
| 2018-19 (2018 ഡിസംബർ വരെ) | 10,844 |

(ബി) മദ്യവർജന ബോധവൽക്കരണത്തിനായി വൻതുക ചെലവഴിച്ചിട്ടും ഓരോ വർഷം കഴിയുന്തോറും മദ്യ ഉപഭോഗം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബി) മദ്യത്തിന്റെ വിപത്തിനെ കുറിച്ച് സർക്കാർ നടത്തുന്ന ബോധവത്ക്കരണ പരിപാടികളിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നു. പ്രസ്തുത ബോധവൽക്കരണത്തിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടായതായും മദ്യ ഉപഭോഗത്തിൽ നേരിയ കുറവ് വന്നതായും കണ്ടെത്തിയിട്ടുണ്ട്.

മദ്യ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവാണ് വിൽപ്പന തുക വർദ്ധനവിന് കാരണമായി കാണുന്നത്. ജനുവരി 2014 മുതൽ ജൂൺ 2016 വരെയുള്ള 30 മാസങ്ങളിലെ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന ജൂലൈ 2016 മുതൽ ഡിസംബർ 2018 വരെയുള്ള 30 മാസങ്ങളുമായി

താരതമ്യം ചെയ്യുമ്പോൾ വിൽപ്പനയിൽ 11.99 ലക്ഷം കെയ്സിന്റെ കുറവ് കാണുന്നു. ഈ കാലയളവിൽ ബിയറിന്റെ വിൽപ്പനയിലും 18.38 ലക്ഷം കെയ്സിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

Santhosh

**സെക്ഷൻ ഓഫീസർ**